(സി) ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയിലെ ജീവനക്കാരെ പൊതു ജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയില്ല. ആയതിന്റെ അടിസ്ഥാനത്തിൽ 18-12-2002-ലെ 44865/സി2/02/ആകുവ/നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ പാടില്ല എന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്കു നൽകിയിട്ടുണ്ട്.

കടയിരുപ്പ് ഗവൺമെന്റ് ആശുപത്രിയിൽ കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

159 (3113) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടയിരുപ്പ് ഗവൺമെന്റ് ആശുപത്രിയിൽ എത്രപേർ കിടത്തി ചികിത്സിക്കുവാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട് ; ഇതുസംബന്ധമായ ഒടുവിലത്തെ ഉത്തരവ് എന്നാണ് നൽകിയിട്ടുള്ളത് ; അതിനുശേഷം ഓരോ വർഷവും എത്രപേരെ വീതം കിടത്തി ചികിത്സിച്ചിരുന്നുവെന്നും ഇപ്പോൾ എത്ര പേരെ കിടത്തി ചികിത്സിക്കുന്നുവെന്നും ഇൻപേഷ്യൻസിന്റെ എണ്ണം കുറയാനും പൂർണ്ണമായും നിന്നുപോകാനും ഉണ്ടായ കാരണം വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ എത്രപേർ ഔട്ട് പേഷ്യൻസായി എത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള നോംസ് അനുസരിച്ച് ഡോക്ടർമാരേയും മറ്റു സ്റ്റാഫിനേയും മാറ്റി പുതിയവരെ നിയമിക്കാനും ആശുപത്രി പ്രവർത്തനം ഫലപ്രദമാക്കാനും നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ആശുപത്രിയിൽ ആവശ്യത്തിന് ബെഡ്ഡും മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും ലഭ്യമാക്കാമോ ;

(ഇ) ഈ ആശുപത്രിക്ക് ലബോറട്ടറി, എക്സ്റേ യൂണിറ്റ്, ആംബുലൻസ് വാൻ എന്നിവ അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കടയിരുപ്പ് ഗവൺമെന്റ് ആശുപത്രി 1950-ൽ റൂറൽ ഡിസ്പെൻസറിയായി 20 കിടക്കകളോടുകൂടി പ്രവർത്തനം ആരംഭിച്ചു. 1985-ൽ 30 കിടക്കകൾ ഉള്ള വാർഡ് പൂർത്തിയാക്കി. ഇതു സംബന്ധിച്ച ഒടുവിലത്തെ സർക്കാർ ഉത്തരവ് 5-9-1994-ലെ സ.ഉ.(എം.എസ്.)204/94/ആകുവ. പ്രകാരം 50 കിടക്കകൾക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചു. അതിന് ശേഷം ഓരോ വർഷവും കിടത്തി ചികിത്സിച്ചിരുന്ന രോഗികളുടെ എണ്ണം താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ഐ.പി. (വർഷത്തിൽ)
1995	846 എണ്ണം
1996	1039 "
1997	942 "
1998	544 "
1999	530 "
2000	435 "
2001	600 "
2002	584 "
2003	20 (ദിവസവും ശരാശരി)

ഇൻപേഷ്യന്റ് സിന്റെ എണ്ണം കുറഞ്ഞുപോയി എന്നല്ലാതെ പൂർണ്ണമായും നിന്നുപോയ അവസരങ്ങൾ ഉണ്ടായിട്ടില്ല. ഈ ആശുപത്രിയ്ക്ക് 4 കിലോമീറ്റർ ചുറ്റളവിൽ പുതുതായി മറ്റ് അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വരവും ഈ ആശുപത്രിയിലെ ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അഭാവവും ഇവിടെ ഐ.പി.എണ്ണം കുറയാൻ കാരണമായി എന്നു കരുതുന്നു.

(ബി) 140 മുതൽ 150 വരെ രോഗികൾ ദിവസവും ഔട്ട് പേഷ്യൻസായി എത്തുന്നുണ്ട്.

(സി) നിലവിലുള്ള നോംസ് അനുസരിച്ച് കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ മാറ്റി പുതിയവരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ലബോറട്ടറി, എക്സ്റേ യൂണിറ്റ് എന്നിവ അനുവദിക്കുന്ന പക്ഷം ആയതിന് വേണ്ട ജീവനക്കാരുടെ തസ്തിക കൂടി അനുവദിക്കേണ്ടതായിട്ടുണ്ട്. ടി തസ്തികകൾക്ക് അനുവാദം ലഭിച്ചശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്. ആംബുലൻസ് വാൻ, അതിന് വേണ്ടുന്ന ദൈനംദിന ചെലവുകൾ എന്നിവ എച്ച്.ഡി.സി.യോ പഞ്ചായത്ത് അധികൃതരോ നൽകുവാൻ തയ്യാറാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഒ.പി. ടിക്കറ്റ് നിഷേധിച്ച നഴ്സിംഗ് അസിസ്റ്റന്റിന് എതിരെ നടപടി

160 (3114) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ജൂൺ മാസത്തിൽ ഡെങ്കിപ്പനി ബാധിച്ച് മരിച്ച കുട്ടിയുടെ മാതാവ് അസുഖത്തെ തുടർന്ന് ആശുപത്രിയിൽ എത്തിയപ്പോൾ എസ്.എ.ടി. ആശുപത്രിയിലെ ഒ.പി. വിഭാഗത്തിലെ നഴ്സിംഗ് അസിസ്റ്റന്റ് ഒ.പി. ടിക്കറ്റ് നിഷേധിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly